

# തർജ്ജനി

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025

ഗവ: എൽ.പി.എസ്

ചെമ്പരത്തിപ്പൊയിൽ

ഉള്ളടക്കം

ആമുഖം

ലക്ഷ്യങ്ങൾ

വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ച്ചപ്പാട്

പ്രശ്നങ്ങൾ

വിശദാംശങ്ങൾ(അക്കാദമികം)

ഉപസംഹാരം

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടുനയിക്കാൻ പ്രാപ്തരാക്കുക എന്ന വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം നിറവേറ്റുക എന്ന ഉദ്യമം നമ്മൾ ഏറ്റെടുക്കേണ്ടതുണ്ട്.കേരളത്തിൽ നടപ്പാക്കിവരുന്ന പൊതുവിദ്യഭ്യാസരംഗത്ത് അത്ഭുതപൂർവ്വമായ മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട് .അതിന്റെ ഭാഗമായി ഓരോ വിദ്യാലയവും അക്കാദമികരംഗത്തും ഭൗതികമേഖലയിലും ഏറെ നേട്ടങ്ങൾ കൈവരിച്ചുകൊണ്ടിരിക്കുന്നു. സാധ്യമാകുന്ന രീതിയിലെല്ലാം സ്കൂളിനെ സാമൂഹ്യമായി ബന്ധപ്പെടുത്തിക്കൊണ്ട് സ്കൂളിന്റെ നിലവിലുള്ള കുറവുകൾ പരിഹരിച്ചുകൊണ്ട് കൂടുതൽ മെച്ചപ്പെട്ട വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും അതിലൂടെ സമഗ്രമായ വിദ്യാഭ്യാസനൈപുണികൾ നേടുന്ന വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുന്നതിന് യത്നിക്കുക എന്ന ലക്ഷ്യസാക്ഷാത്ക്കാരത്തിലേക്ക് നമ്മൾ ഇറങ്ങിത്തിരിക്കുകയാണ്.

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചും നിലവാരത്തിനനുസരിച്ചും ഭാഷയിലെ ഉയർന്നശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തും.
- സ്കൂൾ വിട്ടു പുറത്തുവരുന്ന മുഴുവൻ കുട്ടികളും മലയാളം , ഭാഷകൾ അനായാസം ആശയവിനിമയം നടത്തുന്നതിന് പ്രാപ്തരാക്കുക.
- സ്കൂൾ പഠനം പൂർത്തിയാകുമ്പോഴേക്കും മുഴുവൻ കുട്ടികളും ഫലപ്രദമായ ആശയവിനിമയത്തിനുതകുന്നവിധം ഭാഷയിലെ വിവിധ സങ്കേതങ്ങൾ ഉപയോഗിക്കുന്നതിന് പ്രാപ്തരാക്കുക.
- ഓരോ കുട്ടിയുടെയും അഭിരുചിക്കനുസരിച്ച് സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും വിവിധ രീതിയിൽ ആവിഷ്ക്കരിക്കുന്നതിനുമുള്ള കഴിവു വികസിപ്പിക്കുക.
- ഓരോ കുട്ടിയും തന്റെ ആവശ്യങ്ങൾ , താല്പര്യങ്ങൾ , അഭിലാഷങ്ങൾ എന്നിവ പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുന്നതിന് പ്രാപ്തരാക്കുക.
- ഗണിതശാസ്ത്ര സാമൂഹികശാസ്ത്ര , പ്രവൃത്തി - പരിചയ, കലാകായിക , ഐ.ടി മേഖലകളിൽ സമഗ്രമായ നൈപുണി വികാസം.
- പരിസ്ഥിതി സൗഹൃദ വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ സാക്ഷരത നൽകുന്നതു വഴി പൊതുസമൂഹത്തിലേക്ക് വിവരസാങ്കേതിക വിദ്യയുടെ പ്രാധാന്യം എത്തിക്കൽ.
- രക്ഷകർത്താക്കളുടെ സഹകരണത്തോടുകൂടി നഷ്ടപ്പെട്ടുപോകുന്ന കാർഷിക പാരമ്പര്യം കുരുന്നുകളിൽ എത്തിക്കൽ.

# ചരിത്രം

ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ മങ്കൊമ്പ് സബ്ജില്ലയിലെ ചെമ്പുംപുറം എന്ന ഉൾഗ്രാമത്തിൽ 1962- ജൂൺ നാലിന് സമീപ പ്രദേശങ്ങളിലെ പല സ്കൂളുകളിൽ നിന്നുമുള്ള 50- വിദ്യാർത്ഥികളുമായി ഈ കൊച്ചു വിദ്യാലയം പ്രവർത്തനം ആരംഭിച്ചു. സമീപത്തുള്ള വിലകമത്ത് കുടുംബക്കാർ സൗജന്യമായി നൽകിയ 24-സെന്റ് ഭൂമിയിലാണ് ഇത് സ്ഥാപിച്ചത്. പ്രദേശത്തെ കർഷകത്തൊഴിലാളികളുടെ ഏറെനാളത്തെ ആഗ്രഹം അതോടെ സഫലമായി. ഈ ജനങ്ങൾതന്നെയാണ് ശ്രമദാനമായി താൽക്കാലിക കെട്ടിടം നിർമ്മിച്ചതും മറ്റ് ഭൗതീക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ മുന്നിൽനിന്ന് പ്രവർത്തിച്ചതും. പാവപ്പെട്ട കർഷകത്തൊഴിലാളികളുടെ കുഞ്ഞുങ്ങൾക്ക് അന്നും ഇന്നും ഒരു ആശ്രയമായി നിലകൊള്ളുന്നത് വരമ്പത്ത് സ്കൂൾ എന്നപേരിൽ അറിയപ്പെടുന്ന ഈ സരസ്വതീക്ഷേത്രംതന്നെയാണ്. ഹരിജനക്ഷേമ പദ്ധതിപ്രകാരവും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അറിവിന്റെ വാതായനങ്ങൾ തുറന്നു നൽകുന്ന ഒരു പ്രാഥമിക വിദ്യാലയം എന്ന നിലയിലും ഈ സ്ഥാപനത്തിന് വളരെയധികം പ്രാധാന്യമുണ്ട്. SSAയുടെയും ഗ്രാമപഞ്ചായത്തിന്റെയും സാമ്പത്തിക സഹായങ്ങൾ കാലാകാലങ്ങളിൽ ലഭിക്കുന്നതിനാൽ ധാരാളം വികസന പ്രവർത്തനങ്ങൾ ഈ വിദ്യാലയത്തിൽ ഉണ്ടായിട്ടുണ്ട്.

സമൂഹത്തിന്റെ വിവിധമേഖലകളിൽ ഉന്നത വിജയം നേടിയ ധാരാളം വ്യക്തികൾ ഈ വിദ്യാലയത്തിന്റെ പടികൾ കടന്നു പോയവരാണ്. റോഡും വാഹന സൗകര്യവും ഇല്ലായിരുന്ന കാലത്ത് ഏവരും ആശ്രയിച്ചിരുന്നത് ഈ സ്ഥാപനത്തെയാണ്.

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറണം. പൊതു വിദ്യാലയങ്ങളെ പൊതു സമൂഹത്തിന്റെ പിൻബലത്തോടെയും പിന്തുണയോടെയും അർത്ഥപൂർണമായ പങ്കാളിത്തത്തോടെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റേണ്ടതുണ്ട്. പൊതു വിദ്യാലയങ്ങളിൽ എത്തിച്ചേരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം തുല്യഅവസരങ്ങൾ പ്രദാനം ചെയ്തുകൊണ്ട് ഉറപ്പാക്കുക എന്നത് വിദ്യാലയം മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ലക്ഷണമാണ്. ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ വിദ്യാർത്ഥിയുടെ പഠന പരിസരവുമായി ഫലപ്രദമായി ബന്ധിപ്പിക്കേണ്ടതുണ്ട്. പഠനബോധനരംഗങ്ങളിലെ പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഇത് സഹായകമാണ്. അതാത് ഘട്ടങ്ങളിൽ വിദ്യാർത്ഥികളുടെ പഠനലക്ഷ്യനിലവാരം അളക്കുന്നതിനും ഇത് ഉതകുന്നു. പൂർണ്ണമായും ശിശുകേന്ദ്രീകൃതമായ പഠനരീതി ആധുനികമായി പരിഷ്കരിക്കുകയും അതിനനുസരിച്ച് വിദ്യാലയ അന്തരീക്ഷം ചിട്ടപ്പെടുത്തുകയും വേണം.

അന്വേഷണാത്മക പഠനരീതിയിൽ സ്കൂൾ വായനശാലകൾക്കും ലബോറട്ടറികൾക്കും അതിനിർണ്ണായകമായ സ്ഥാനമാണ് ഉള്ളത്. അതുകൊണ്ട് തന്നെ അവ വിപുലപ്പെടുത്തുന്നതിനും ആധുനികവത്കരിക്കുന്നതിനും മുന്തിയ പരിഗണന നൽകണം.

ഒന്നാം ക്ലാസ്സ്മുതൽ വായനാ സംസ്കാരം പ്രോത്സാഹിപ്പിക്കും. സ്കൂൾ ഗ്രന്ഥാലയം ആധുനിക വൽക്കരിക്കും. ഇതിന്റെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി വിദ്യാലയങ്ങളിൽ ക്രമീകരിക്കും. വിദഗ്ധ പരിശീലനം ലഭിച്ചവരെ ലൈബ്രറി നടത്തിപ്പിനു ചുമതലപ്പെടുത്തും.

സ്കൂൾ ലബോറട്ടറികൾ ആധുനിക വത്കരിക്കും. അവ ഒരേ സമയം

നിശ്ചിത ക്ലാസ്സിലെ എല്ലാ വിദ്യാർത്ഥികൾക്കും പരീക്ഷണങ്ങളിൽ ഏർപ്പെടാൻ പാകത്തിൽ സ്ഥല സൗകര്യമുള്ളതും സുരക്ഷിതത്വമുള്ളതും മറ്റെല്ലാ സജ്ജീകരണങ്ങളോടുകൂടിയതുമായിരിക്കും.

പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസ പരിസര സാധ്യതകൾ പ്രയോജനപ്പെടുത്തുകയും സ്കൂൾ കാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുകയും ചെയ്യണം.

കുടുംബസംഘടനയിലും ജീവിതരീതിയിലും വന്ന മാറ്റങ്ങൾ, അണുകുടുംബങ്ങളിൽ കുട്ടികൾക്ക് ലഭിക്കുന്ന അമിത പരിരക്ഷ, കൗമാര പ്രായത്തിൽ സ്വാഭാവികമായി ഉണ്ടാകുന്ന അന്തസ്സംഘർഷങ്ങളെ മറികടക്കാൻ ആവശ്യമായ സ്വയം പ്രതിരോധശേഷികളുടെ അഭാവം, കുട്ടികളുടെ കഴിവിനെയും മികവിനെയും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യാൻ സംവിധാനങ്ങൾ കാട്ടുന്ന വിമുഖത ഇതെല്ലാം കുട്ടികളുടെ മാനസിക സംഘർഷത്തിനും പിരിമുറുക്കത്തിനും ഇടയാക്കുന്നു. ഈ ഒരു അവസ്ഥയെ തരണം ചെയ്യാനാവശ്യമായ കൗൺസിലിംഗ് സൗകര്യം സ്കൂളുകളിൽ ഉണ്ടാകണം.

കേവലം പാഠങ്ങൾ പഠിക്കുന്ന ഇടം മാത്രമല്ല വിദ്യാലയങ്ങൾ. ഒരു കുട്ടിയുടെ ജീവിതവളർച്ചയുടെ അഭിവാജ്യമായ ഭാഗം കൂടിയാണ് ഇത്. സമൂഹത്തിന്റെ ഒരു ചെറുരൂപവുമാണ്. സാമൂഹ്യപ്രശ്നങ്ങളും വൈകാരിക പ്രശ്നങ്ങളും ഈ ചെറുസമൂഹത്തിലും സ്വാഭാവികമാണ്. പ്രശ്നനിർഭരമായ വേളകളിലെല്ലാം ആത്മവിശ്വാസത്തോടെ അവയെ അഭിമുഖീകരിച്ച് മറികടക്കാനുള്ള എല്ലാവിധ പിന്തുണയും ഒരുക്കേണ്ടതുണ്ട്. ഇതിനായി അധ്യാപകർ, രക്ഷിതാക്കൾ, പ്രഥമാധ്യാപകർ എന്നിവർക്ക് പ്രാഥമിക പരിശീലനം നൽകും. കൗൺസിലേഴ്സിന്റെ സേവനം ആവശ്യാനുസരണം ഉറപ്പാക്കും.

വിദ്യാലയത്തിന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളിൽ (അക്കാദമികം ഉൾപ്പെടെ) പ്രാദേശിക വൈദഗ്ധ്യവും വിഭവങ്ങളും പ്രയോജനപ്പെടുത്തണം. വിദ്യാലയത്തെയും വിദ്യാർത്ഥികളെയും അധ്യാപകരെയും അംഗീകരി ക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണം.

ശാസ്ത്രീയമായ വിദ്യാഭ്യാസരീതിയെക്കുറിച്ച് സമൂഹത്തിൽ അവബോധനം സൃഷ്ടിക്കാനായി നേതൃത്വപരമായി ഇടപെടണം. ക്ലാസ്സ് അന്തരീക്ഷം അക്കാദമിക ഉണർവ്വിന്റെ തെളിവുകളാൽ സമൃദ്ധമാക്കുക. കുട്ടികളുടെ പഠനതെളിവുകൾ, റഫറൻസ് ചാർട്ടുകൾ, പഠനോപകരണങ്ങൾ, പതിപ്പുകൾ, ടീച്ചർവെർഷനുകൾ, ചുമതലാചാർട്ടുകൾ തുടങ്ങി എല്ലാ വിഷയങ്ങളുടെയും തയ്യാറെടുപ്പുകൾ, പഠനവുമായി ബന്ധപ്പെട്ട സാമഗ്രികൾ പഠനനേട്ടങ്ങളുടെ ലിസ്റ്റ് തുടങ്ങിയവ ആകർഷകമായി പ്രദർശിപ്പിക്കണം.

എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കും വിധം വൈവിധ്യമുള്ള പുസ്തകവായനാനുഭവം ഒരുക്കുക, പുസ്തകച്ചാർട്ട്, പുസ്തക പരിചയം, ആവിഷ്കരണങ്ങൾ തുടങ്ങിയവയിലൂടെ വായനയുടെ സംസ്കാരത്തെ പരിപോഷിപ്പിക്കുക.

വിദ്യാർത്ഥിയുടെ സർഗാത്മകവികാസം ലക്ഷ്യമിട്ട് സ്കൂൾ തലത്തിൽ രചനാക്ലാസ്സുകൾ, സാഹിത്യചർച്ച, സാഹിത്യപ്രവർത്തകരുമായി സംവദിക്കൽ, സർഗാത്മകരചനകളുടെ പ്രകാശനം കുട്ടിയെഴുത്തുകാരെ പൊതുവേദികളിൽ അംഗീകരിക്കാൻ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

## പ്രശ്നങ്ങൾ

ഗതാഗതസൗകര്യങ്ങളുടെ അഭാവം

ശോചനീയമായ വഴികൾ

നഴ്സറി വിഭാഗം ഇല്ല

മികച്ചലൈബ്രറിറൂം

ലാബുകളുടെ അഭാവം

സ്മാർട്ട് ക്ലാസ്റൂം ഇല്ല

ശിശുസൗഹൃദ പാർക്ക്

| ലക്ഷ്യം | ഉദ്ഗ്രഥിതം - മലയാളം<br>പ്രവർത്തനങ്ങൾ | |
|---|---|---|
| എല്ലാ കുട്ടികളും തെറ്റില്ലാതെ ഭാഷയിൽ ചെറു വാക്യങ്ങൾ എഴുതുന്നു.<br>എല്ലാവരും വായിക്കുന്നു. | പഠനോപകരണ ശില്പശാലകൾ ഒരോയൂണിറ്റിലും.<br>വായനോത്സവം.<br>രചനോത്സവം.<br>സംയുക്ത ഡയറി എല്ലാവർക്കും. | |
| സ ചിത്രഡയറി തയാറാക്കുന്നു. | സചിത്ര നോട്ടുബുക്ക് തയാറാക്കൽ.<br>വായന മത്സരം<br>അമ്മ വായന. | |
| സ്വായത്തമാക്കിയ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്വതന്ത്രരചന. | കുഞ്ഞു പുസ്തകങ്ങൾ വായനാകാർഡുകൾ.<br>വിവരണം തയാറാക്കൽ.<br>ബാലസഭ. | |
| | <u>ഗണിതം</u> | |
| ഒരക്കസംഖ്യകൾ എണ്ണാനും എഴുതാനും. ആരോഹണ അവരോഹണം സങ്കലനം, വ്യവകലനം | ഡൊമിനോകളി.<br>ഡൈസ്കളി.<br>സംഖ്യാചക്രം.<br>സംഖ്യാപാട്ട്.<br>കളിനോട്ടുകൾ.<br>കലണ്ടർ നോക്കാം. | |
| രണ്ടക്കസംഖ്യകളുടെ സങ്കലനം, വ്യവകലനം, ഗുണനം | പാറ്റേൺകാണാം.<br>പാറ്റേൺ നിർമ്മിക്കാം.<br>പാമ്പും കോണിയും. | |

| | | |
|---|---|---|
| പാറ്റേൺ<br><br>നാട്ടിലെ വിവിധ<br>തൊഴിലുകൾ<br><br>പൊതു സ്ഥാപന<br>ങ്ങൾ<br><br>പരിസരങ്ങൾ<br>ആരോഗങ്ങൾ<br>ആരോഗ്യ ശീലങ്ങൾ<br>ആഹാര ശീലം<br>സസ്യത്തെ<br>അറിയൽ.<br><br>ജീവികൾ.<br><br>പരീക്ഷണം.<br>വാഹനങ്ങൾ. | പദസൂര്യൻ.<br>സചിത്രപുസ്തകം.<br>പട്ടികപ്പെടുത്തൽ.<br>നോട്ടീസ് ബോർഡ്<br><br>വീടിനെ അറിയാം<br>പരിസരശുചീകരണം.<br>വ്യക്തി ശുചീകരണം.<br>പോസ്റ്റർ.<br>ചെടിയുടെ ചിത്രം.<br>പട്ടികപ്പെടുത്തൽ.<br>ആൽബം നിർമ്മിക്കാം.<br>തരം തിരിക്കൽ.<br>പ്ലക്കാർഡ്.<br>റോഡ് നിയമങ്ങൾ. | |

# മലയാളം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| അക്ഷര സ്പഷ്ടതയോടെയും ഒഴുക്കോടെയും ആശയവ്യക്തതയോടെയും ഉള്ള വായന | **വായിക്കാം, എഴുതാം , വായിക്കാം.** | ❖ കുട്ടികൾക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന<br>❖ നിശബ്ദ വായന<br>❖ വായനാ കാർഡ് നോക്കി നോട്ട്ബുക്കിൽ എഴുതൽ<br>❖ നിശബ്ദ വായന<br>❖ ഉച്ചത്തിൽ വായന<br>❖ വായനാകാർഡ് നൽകുന്നു. | 2 ആഴ്ച |
| | **വായിക്കാം, എഴുതാം , വായിക്കാം.**<br><br>**തുടർപ്രവർത്തനം** | ❖ കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>❖ വായനാ കാർഡ് നോക്കി നോട്ട്ബുക്കിൽ എഴുതൽ.<br>❖ കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>❖ കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു. | 2 ആഴ്ച |
| | **ആശയം പറയാം** | ❖ കുട്ടിക്ക് കഥ പുസ്തകം/വായനാ കാർഡ് നൽകുന്നു.<br>❖ നിശബ്ദ വായന.<br>❖ വായിച്ചറിഞ്ഞ ആശയം പറയൽ.<br>❖ ആവശ്യമെങ്കിൽ ആവർത്തനവായന.<br>❖ കുട്ടികൾക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന. | ജൂൺ |
| | **ആശയം പറയാം**<br><br>തുടർപ്രവർത്തനം | ❖ കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>❖ കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>❖ വായിച്ചറിഞ്ഞ ആശയം രക്ഷിതാവിന് പറഞ്ഞുകൊടുക്കുന്നു. | ജൂൺ |
| | കഥ കേൾക്കാം, എഴുതാം<br>തുടർപ്രവർത്തനം | ❖ രക്ഷിതാവിന് കുട്ടി എഴുതിയ കഥ വായിച്ച് കേൾപ്പിക്കുന്നു.<br>❖ കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു. | 2 ആഴ്ച |
| | ചിത്രത്തിലെന്തെല്ലാം | കുട്ടിക്ക് ചിത്രം നിരീക്ഷിക്കാൻ അവസരം നൽകുന്നു. ചിത്രം നിരീക്ഷിച്ച് കുട്ടി വിവരണം എഴുതുന്നു.<br>❖ ചിത്രത്തിൽ എന്തെല്ലാമെന്ന് പറയാൻ അവസരം.<br>❖ വിവരണം എഴുതൽ.<br>❖ അധ്യാപികയുടെ ഇടപെടൽ.<br>❖ രചന മെച്ചപ്പെടുത്തൽ. | 2 ആഴ്ച |
| | എന്തെല്ലാം കാഴ്ചകൾ | ❖ കുട്ടിക്ക് രക്ഷിതാവിന്റെ സഹായത്തോടെ തന്റെ പരിസരം നിരീക്ഷിച്ച് ഒരു കുറിപ്പ് തയ്യാറാക്കാൻ അവസരം.<br>❖ എഴുതിയ കുറിപ്പ് വായിക്കുന്ന ഓഡിയോ/വീഡിയോ അയക്കുന്നു. | 2 ആഴ്ച |
| | കവിത പൂർത്തിയാക്കാം<br>പാടി അവതരിപ്പിക്കാം | ❖ കവിത പൂർത്തിയാക്കാൻ അവസരം.<br>❖ കവിതയ്ക്ക് ഈണം കണ്ടെത്തി പാടുന്നു.<br>❖ കൂടുതൽ വരികൾ കൂട്ടിച്ചേർക്കുന്നു.<br>**ഉദാ:**<br>[illegible]<br>[illegible]<br>[illegible]<br>[illegible]<br>[illegible]<br>[illegible]<br>[illegible] | ജൂൺ - സെപ്റ്റംബർ |

| | | | |
|---|---|---|---|
| | വായിക്കാം കൂട്ടുകാരെ | ❖ കുട്ടിക്ക് വായനാകാർഡ് നൽകുന്നു.<br>❖ നിശബ്ദ വായന<br>❖ ഉച്ചത്തിൽ വായന<br>❖ കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന. | ജൂൺ - ജൂലൈ |
| | വായിക്കാം കൂട്ടുകാരെ തുടർപ്രവർത്തനം | ❖ കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>❖ കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>❖ കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു. | ജൂൺ - ജൂലൈ |
| | വായിക്കാം.. അഭിപ്രായം പറയാം | ❖ കുട്ടികൾക്ക് കഥ കാർഡ് നല്കുന്നു.<br>❖ വായിച്ച് അവതരിപ്പിക്കാൻ അവസരം നല്കുന്നു.<br>❖ കഥാപാത്രങ്ങളെ കുറിച്ചും കഥയെക്കുറിച്ചും അഭിപ്രായം പറയാൻ അവസരം നല്കുന്നു. | ജൂൺ - ഓഗസ്റ്റ് |
| | ക്ലാസ് റൂം ലൈബ്രറി | ❖ ക്ലാസ് റൂം ലൈബ്രറി ഒരുക്കുന്നു.<br>❖ ലൈബ്രേറിയൻ ആയി കുട്ടികളെ തന്നെ തെരഞ്ഞെടുക്കുന്നു.<br>❖ പുസ്തക വിതരണം<br>❖ വായന, വായനാനുഭവം പങ്കുവെയ്ക്കൽ | ജൂൺ - ഒക്ടോബർ |
| കവിത, കഥ എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. | കഥ കാണാം, എഴുതാം | ❖ കുട്ടിക്ക് ICT ഉപയോഗിച്ച് കഥ കാണാൻ അവസരം.<br>❖ കുട്ടി കണ്ട കഥ സ്വയം എഴുതാൻ അവസരം.<br>❖ കഥ സ്വയം എഴുതൽ.<br>❖ അധ്യാപികയുടെ ഇടപെടൽ.<br>❖ മെച്ചപ്പെടുത്തി എഴുതൽ. | 2 ആഴ്ച |
| | | ..............................<br>..............................<br>..............................<br>..............................<br>❖ കുട്ടി എഴുതിയ കവിത രക്ഷിതാവിന് പാടിക്കേൾപ്പിക്കുന്നു.<br>❖ കവിത പാടുന്നതിന്റെ ഓഡിയോ/വീഡിയോ അയക്കുന്നു. | |
| | സർഗാത്മക രചന | ❖ കുട്ടിക്ക് ഇഷ്ടമുള്ള കഥാപാത്രങ്ങളെ ഉൾപ്പെടുത്തി സ്വയം കഥ എഴുതാൻ അവസരം.<br>❖ കുട്ടി എഴുതിയ കഥ വായിച്ച് കൂട്ടിച്ചേർക്കലുകൾ/ നിർദേശങ്ങൾ നൽകുന്നു.<br>❖ കുട്ടി കഥ മെച്ചപ്പെടുത്തി എഴുതുന്നു.<br>❖ കൂട്ടുകാർക്ക് മുന്നിൽ അവതരിപ്പിക്കുന്നു. | ജൂൺ - ഒക്ടോബർ |
| | ക്ലാസ് റൂം ലൈബ്രറി | ❖ വായനക്കുറിപ്പ് | ഓഗസ്റ്റ് - മാർച്ച് |

# പരിസരപഠനം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | പ്രകൃതി നടത്തം | ❖ ചുറ്റുപാടുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം.<br>❖ പ്രത്യേകതകൾ മനസ്സിലാക്കാം.<br>❖ വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം.<br>❖ ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച.<br>❖ നമ്മുടെ ചുറ്റുപാടുള്ള മലിനീകരണ പ്രശ്നം അന്വേഷിച്ചറിയാം, സ്വയം വിലയിരുത്താം.<br>❖ പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം.<br>❖ തെറ്റും ശരിയും ചർച്ച ചെയ്യാം. | ജൂൺ - ഒക്ടോബർ |
| | പൂന്തോട്ടം ഒരുക്കാം | ❖ സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ.<br>❖ വീട്ടിൽ പൂന്തോട്ടം ഒരുക്കാം. | ജൂൺ - മാർച്ച് |
| | ഒരു തൈ നടാം | ❖ പരിസ്ഥിതി ദിനാഘോഷവുമായി ബന്ധപ്പെട്ട് വൃക്ഷ തൈ നടൽ<br>❖ നട്ട വൃക്ഷ തൈ പരിപാലിക്കൽ | ജൂൺ - മാർച്ച് |
| | പോസ്റ്റർ നിർമാണം | ❖ പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>❖ പരിസരങ്ങളിൽ പതിക്കൽ | ജൂൺ |
| | ദാഹജലം | ❖ പൂന്തോട്ടത്തിൽ വേനൽ കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. | മാർച്ച് – മെയ് |
| വ്യക്തി ശുചിത്വവും പരിസര ശുചിത്വവും. | ദിനകൃത്യങ്ങൾ | ❖ ഓരോ ദിനവും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>❖ കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നല്കുന്നു. | ജൂൺ - മാർച്ച് |
| | നമ്പർ വൺ | ❖ ക്ലാസ് തലത്തിൽ ശുചിത്വ മത്സരം.<br>❖ വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നല്കുന്നു. | ജൂലൈ – മാർച്ച് |
| | പരിസര നടത്തം | ❖ നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം.<br>❖ മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്താം.<br>❖ പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ. | ജൂൺ - ഡിസംബർ |
| | നല്ല ശീലം | ❖ പോസ്റ്ററുകൾ തയ്യാറാക്കാം<br>❖ പരിസരങ്ങളിൽ പതിക്കാം | ജൂലൈ – മാർച്ച് |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക. | ഫീൽഡ് ട്രിപ്പ് | ❖ നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.<br>(കുളം, വയൽ, കാവ്, etc ) | ജനുവരി – മാർച്ച് |
| | പരീക്ഷണങ്ങൾ | ❖ ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ - ഫെബ്രുവരി |
| | ശാസ്ത്രജ്ഞനോടൊപ്പം | ❖ ക്യാമ്പ്<br>❖ മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. | ഡിസംബർ - ഫെബ്രുവരി |
| | പക്ഷി നിരീക്ഷണം | ❖ ക്യാമ്പ്<br>❖ പക്ഷി നിരീക്ഷണത്തിന് അവസരം | ജനുവരി – മാർച്ച് |

# ENGLISH

| LEARNIGOUTCOMES | ACTIVITIES | ACTIVITY DETAILS | DURATION |
|---|---|---|---|
| • Describes the pictures | Picture Description. | • The teacher shows a picture.<br>• Discussion.<br>• The children talk about the picture.<br>**Slow learners**.<br>Gives opportunity to express their idea in Malayalam. | June to august |
| • Arranges word in alphabetical order | Dictionary. | • Introducing the dictionary.<br>• Gives words.<br>• Arranging words in alphabetical order | July to march |
| • "Adds more exchanges to the Conversation suitable to the context" | Conversation | • Reading the conversation.<br>• Conversation is acting with friends.<br>• Adds more exchanges to the Conversation.<br>**Slow learners**.<br>Gives opportunity to express their idea in Malayalam. | July to march |
| • Identifies rhyming words from the poem | Rhyming words. | • Plays the audio of song.<br>• Let the learner sing after the audio.<br>• Discussion.<br>• Identifies rhyming words. | July to September |
| • Adds lines to a poem following a set pattern. | Add more lines. | • Plays the audio of song.<br>• Let the learner sing after the audio.<br>• Adds lines to the poem | July to December |
| • Reads and understands the given stories and poems | Let'sread. | • Provides the opportunity to read simple stories and poems.<br>• They tell the story they read. | December to march |
| • Makes simple riddles | Riddles. | • Gives children the opportunity to hear and answer simple riddles.<br>• Makes simple riddles.<br>**Slow learners**.<br>Gives opportunity to express their idea in Malayalam. | August to march |
| • Undertakes simple project work given | Projectworks. | • Gives instructions.<br>• Data collection.<br>• Codifying. | October to march |

# ഗണിതം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| സംഖ്യാബോധം<br>(1-1000 സംഖ്യകൾ എണ്ണുന്നു, എഴുതുന്നു.) | നറുക്കെടുക്കാം | ❖ സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നല്കുന്നു<br>❖ കിട്ടിയ സംഖ്യ വായിക്കാം<br>❖ മറ്റുള്ളവർ സംഖ്യ എഴുതുന്നു. | 1 ആഴ്ച |
| | 10 ചങ്ങാതിമാർ | ❖ സംഖ്യ നറുക്ക് എടുക്കുന്നു.<br>❖ കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. | ജൂൺ |
| | പാറ്റേൺ പൂർത്തിയാക്കാം | ❖ വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ . | ജൂൺ-സെപ്റ്റംബർ |
| | ക്രമത്തിലാക്കാം | ❖ വ്യത്യസ്ത സംഖ്യകൾ നല്കുന്നു.<br>❖ ആരോഹണക്രമം, അവരോഹണക്രമം എഴുതാം. | ജൂൺ - ഓഗസ്റ്റ് |
| മൂന്നക്ക/നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ | കൂട്ടങ്ങളാക്കാം | ❖ ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം<br>❖ കളി നോട്ട്/ഗ്രിഡ് ഉപയോഗിച്ച് 1,10,100,1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം | ജൂൺ |
| | സംഖ്യാസൂര്യൻ | ❖ ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>❖ ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. | 2 ആഴ്ച |
| | ക്രിയകരിക്കാം | ❖ സംഖ്യകളെ അബാക്കസിൽ ക്രിയകരിക്കാം<br>❖ [illegible] കാർഡ് ഉപയോഗിച്ച് സംഖ്യ നിർമിക്കാം. | ജൂൺ - സെപ്റ്റംബർ |
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | ക്ലാസ്സിൽ ഒരു കട / കച്ചവട കണക്ക് | ❖ കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ, വെള്ളം, അരി etc ചേർന്ന് അവയ്ക്ക് വില നല്കി കട ക്രമീകരിക്കുന്നു.<br>❖ ത്രാസ്, അളവ് പാത്രങ്ങൾ ക്രമീകരിക്കുന്നു.<br>❖ ആവശ്യമുള്ളവ അളന്നെടുക്കുന്നു. | |
| | | ❖ കളി നോട്ട് ഉപയോഗപ്പെടുത്തി കച്ചവടക്കളി നടക്കുന്നു.<br>❖ കടക്കാരനും, കസ്റ്റമറും കുട്ടികൾ തന്നെ.<br>❖ സാധനം വാങ്ങുകയും പണം (കളിനോട്ട്) കൈമാറ്റം ചെയ്യുകയും ചെയ്യുന്നു.<br>❖ ഗ്രൂപ്പ് ചർച്ച നടക്കുന്നു.<br>❖ പ്രയാസങ്ങൾ ഗ്രൂപ്പിൽ/അധ്യാപകന്റെ സഹായത്തോടെ പരിഹരിക്കുന്നു. | ഫെബ്രുവരി |
| | സമയചക്രം | ❖ ക്ലോക്ക് & ടൈം ചാർട്ട് ഉപയോഗിച്ച് സമയ ചക്രം തയ്യാറാക്കുന്നു. (am &pm )<br>❖ സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്ന പരിഹാരണത്തിന് ഉപയോഗപ്പെടുത്തുന്നു. | ജൂലൈ |
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | സംഖ്യ ചക്രം | ❖ സംഖ്യ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>❖ അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം. | ജൂലൈ – മാർച്ച് |
| | ഭാഗ്യവാനെ കണ്ടെത്താം | ❖ അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>❖ വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നല്കുന്നു.<br>❖ ക്രിയ ചെയ്യാം.<br>❖ ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. | ജൂലൈ – ഫെബ്രുവരി |
| | ജോഡി കണ്ടെത്താം | ❖ വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>❖ കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നല്കുന്നു.<br>❖ കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി, ആ കള്ളിയിൽ ഒട്ടിക്കാം. | ഓഗസ്റ്റ് – ഫെബ്രുവരി |

Friday: session.

## WEEK 2


Monday: Science experiment

Tuesday: language Activity: word building.


Wednesday: Maths games

Thursday: Social studies-Quiz world.

Friday: Outdoor play: Team building games.



G.L.P School, Chempumpuram
Paddy
CWSN - Toilet
office room
6.10 X 5 70 X 3.50
Varanthe 21.85 X 1.50 X 3.00
Ramp
Ramp
Classroom
4.55 X 5.70 X 3.50
classroom
4.55 X 5.70 X 350
classroom
4.55 X 5.70 X 3.50
classroom
4.55 X 570 X 3.50
Toilet
Rain Water Tank
Kitchen
GATE
ROAD
CANAL


7.0
13.7
2.9
Kitchen
3.9
Toilet
6.6
1.9
Toilet
3.2
2.9
28.4
Class Room
7.8

# SRG

കരിക്കുലം വിഭാവനം ചെയ്യുന്ന അക്കാദമിക് ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വിദ്യാലയത്തിൽ ആസൂത്രിതമായും ചിട്ടയായും നടപ്പിൽ വരുത്തേണ്ട ആസൂത്രണ സംവിധാനമാണ് സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്.
പ്രധാനാധ്യാപികയും SRG കൺവീനറും നേതൃത്വം നൽകുന്ന ഈ ഗ്രൂപ്പ് മാസത്തിൽ രണ്ടുതവണ യോഗം ചേരണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നു. പ്രത്യേകമായ കാര്യങ്ങൾ വരുന്നെങ്കിൽ അപ്പോൾ SRG കൂടുന്നതുമായിരിക്കും. പഠനപ്രവർത്തനങ്ങളുടെ അവലോകനം, മറ്റ് അക്കാദമിക കാര്യങ്ങളുടെ തീരുമാനങ്ങൾ, ക്ലാസ്സ് മോണിറ്ററിംഗ് റിപ്പോർട്ട് തുടങ്ങിയ കാര്യങ്ങളെല്ലാം SRG യോഗങ്ങളിൽ ചർച്ച ചെയ്യപ്പെടും.

# LSS

കുട്ടികൾക്ക് പാഠഭാഗങ്ങളിൽ നിന്നും ലഭിക്കുന്ന അറിവുകൾക്ക് പുറമേ പൊതു കാര്യങ്ങളിലും ശാസ്ത്ര ഗണിതശാസ്ത്ര വിഭാഗങ്ങളിലെ ഉയർന്ന തലത്തിലുള്ള കാര്യങ്ങളിലും അറിവ് നേടാനുതകുന്നതാണ് LSS പരീക്ഷയോട് അനുബന്ധിച്ചു നൽകുന്ന പരിശീലന ക്ലാസുകൾ. ഈ പരിശീലന ക്ലാസുകൾ അധ്യയന വർഷാരംഭം മുതലേ തുടങ്ങുന്നതാണ് നല്ലതെന്ന് കണ്ട് അങ്ങിനെ തുടങ്ങാനെന്ന് തീരുമാനിച്ചു.

# ക്ലബ്ബുകൾ

വിവിധ ക്ലബ്ബുകൾ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നുണ്ട്. കുട്ടികളിൽ സാമൂഹ്യബോധം, പരസ്പരസഹവർത്തിത്വം, പരിസരശുചീകരണം, വനസംരക്ഷണം, ജലസംരക്ഷണം തുടങ്ങിയ മാനവിക വിചാരങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കാൻ ക്ലബ്ബ് പ്രവർത്തനങ്ങൾ ഉപകരിക്കുമെന്ന ചിന്തയോടെയാണ് ക്ലബ്ബ് പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

ഇംഗ്ലീഷ് ക്ലബ്ബ്

ഹരിത ക്ലബ്ബ്

സയൻസ് ക്ലബ്ബ്

ഗണിത ക്ലബ്ബ്.

സ്കൂൾ സുരക്ഷാ ക്ലബ്ബ്

# മേളകൾ.

കഴിഞ്ഞ രണ്ട് വർഷങ്ങളിലും മേളകളിൽ
കുട്ടികളെ പങ്കെടുപ്പിക്കുകയും സമ്മാ
നങ്ങളും സ്ഥാനങ്ങൾ കരസ്ഥമാക്കുകയും
ചെയ്തിട്ടുണ്ട്. ഇനിയും മേളകളിലെല്ലാം
കുട്ടികളെ പങ്കെടുപ്പിക്കുകയും ഒന്നാം
സ്ഥാനം കരസ്ഥമാക്കുകയുമാണ് ലക്ഷ്യം.
ഇൻ കുട്ടിതന്നെ പങ്കെടുക്കുന്ന വിഭാഗങ്ങ
ൾ തീരുമാനിച്ച് അതിനുള്ള പരിശീലനം
നൽകാൻ തീരുമാനിച്ചു.

ചിരട്ടകൊണ്ടുള്ള ഉൽപന്നം
മുത്തുകൾ കൊണ്ടുള്ള ഉൽപന്നം
പാഴ്‌വസ്തുക്കൾ
ശേഖരണം

# ദിനാചരണങ്ങൾ

LP തലത്തിലെ കുട്ടികൾക്ക് ഉൾക്കൊള്ളാനാവുന്ന ചില പ്രധാനപ്പെട്ട ദിനാചരണങ്ങൾ മാത്രമേ ആചരിക്കുന്നുള്ളൂ എന്ന് SRG-യിൽ തീരുമാനിച്ചു. അത് ഗൗരവമായി പഠനപ്രവർത്തനങ്ങളോടൊപ്പം ക്രോഡീകരിക്കാനാണ് തീരുമാനം.

പരിസ്ഥിതി ദിനം
വായന ദിനം
ലോക മയക്കുമരുന്ന് വിരുദ്ധ ദിനം
ബഷീർ ചരമദിനം
ചാന്ദ്രദിനം
സ്വാതന്ത്ര്യ ദിനം
അധ്യാപക ദിനം
ഗാന്ധിജയന്തി
കേരളപ്പിറവി
ശിശുദിനം
റിപ്പബ്ലിക് ദിനം
തണ്ണീർത്തട സംരക്ഷണ ദിനം
ലോക വന ദിനം
ലോക ജല ദിനം.

# സമഗ്ര ഗുണമേന്മാ പദ്ധതി

ഈ പദ്ധതിയുടെ ഭാഗമായി കുട്ടികളിൽ ഭാഷയുടെയും ഗണിതത്തിന്റെയും അടിസ്ഥാന വിവരങ്ങൾ ഉറപ്പിക്കുവാനായി വിവിധ പഠന പ്രവർത്തനങ്ങൾ ക്ലിപ്പ്ബോർഡിൽ നൽകി. അവധിക്കാലത്ത് സമഗ്രമായ രീതിയിൽ പഠിക്കാനുള്ള ഒരു പുസ്തകം. ഡിജിറ്റൽ ഉപകരണങ്ങളുടെ അടിമയായി മാറാതെ രചനാ പ്രവർത്തനങ്ങളിലേർപ്പെടാനും നിറം നൽകാനും മറ്റുമുള്ള പ്രവർത്തനങ്ങൾ കൂട്ടിച്ചേർത്തു.

## ലഹരിക്കെതിരെയുള്ള പ്രതിരോധം

കുട്ടികൾ അവരുടെ ചുറ്റുപാടുകളിലും ലഹരിമൂലം ഉണ്ടാകുന്ന ദോഷങ്ങളെ സംബന്ധിച്ചും അത് കുടുംബത്തിലും സമൂഹത്തിലും ഉണ്ടാക്കുന്ന വിപത്തുക്കളെ കുറിച്ചും ബോധവാൻമാരാക്കേണ്ടതാണ്. ഇതിനുതകുന്നതരത്തിൽ ചർച്ചകളും ക്ലാസുകളും നൽകുന്നു. വീഡിയോ പ്രദർശിപ്പിക്കുന്നു.

## ട്രാഫിക് നിയമങ്ങൾ

റോഡിലൂടെ നടന്നുവരുമ്പോൾ ശ്രദ്ധിക്കേണ്ടകാര്യങ്ങളും വാഹനത്തിൽ കയറുമ്പോഴും ഇറങ്ങുമ്പോഴും യാത്രാസമയത്തും പാലിക്കേണ്ട നിയമങ്ങളെക്കുറിച്ചും കുട്ടികൾ അറിഞ്ഞിരിക്കേണ്ടതാണ്. അതിനായി ചിത്രങ്ങൾ കാണിക്കൽ, റോൾപ്ലേ, സിഗ്നൽ പരിചയപ്പെടൽ, വീഡിയോ പ്രദർശനം എന്നീ കാര്യങ്ങൾ സ്കൂൾതലത്തിൽ സംഘടിപ്പിക്കുന്നു.

## ഡിജിറ്റൽ അച്ചടക്കം

ഡിജിറ്റൽ ഉപകരണങ്ങളുടെ അമിതമായ ഉപയോഗം കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. ഡിജിറ്റൽ ഉപയോഗം കുറയ്ക്കുന്നതിനായി കുട്ടികളെ ബോധവൽക്കരിക്കേണ്ടതുണ്ട്. രക്ഷിതാക്കൾക്കും ഇതിനായി ബോധവൽക്കരണം വേണം. വീടുകളിൽ വെച്ച് ഉള്ള അമിത ഉപയോഗമില്ലാതാക്കാനായി ക്രിയാത്മക പ്രവർത്തനങ്ങൾ നൽകാം, പോസ്റ്റർ രചന, ചിത്രരചന എന്നിവയെ പ്രോത്സാഹിപ്പിക്കാം. വായനാ സാമഗ്രികൾ നൽകാം.

രക്ഷിതാക്കൾ കുട്ടികളുമായി ഇടപഴകുന്ന സമയം, ഭക്ഷണം കഴിക്കുമ്പോൾ മൊബൈൽ/ടെലിവിഷൻ എന്നിവയുടെ ഉപയോഗം - ഡിജിറ്റൽ ഉപകരണങ്ങളെക്കുറിച്ച് കുട്ടികൾക്കുള്ള അറിവ് എന്നിവയെ കുറിച്ച് തുറന്ന ചർച്ച.

## പൊതുമുതൽ സംരക്ഷണം.

സ്വന്തം സാധനങ്ങൾ അടുക്കും ചിട്ടയോടും വെക്കാനായി ശീലിപ്പിക്കുക. വിദ്യാലയവും പരിസരവും പൊതുമുതലാണെന്നും നമ്മളോരോരുത്തരും ഇത് സംരക്ഷിക്കാൻ ഉത്തരവാദിത്വമുള്ളവരാണെന്നുമുള്ള തിരിച്ചറിവ് ഉണ്ടാക്കിയെടുക്കുക. അതിനായി പൊതുസാധനങ്ങൾ കൈകാര്യം ചെയ്യാനവസരമൊരുക്കുകയും അത് വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്യുക.

# ലഹരിവിരുദ്ധം

ലഹരി ഉപയോഗം ഒരു മഹാവിപത്താണെന്ന അവബോധം കുട്ടികളിൽ ഉണ്ടാവേണ്ടതാണ്. അതിനായി ഒരു ക്ലാസുകളും പ്രദർശനങ്ങളും ഒപ്പുശേഖരണവും നടത്തിവരാറുണ്ട്. ലഹരിവിരുദ്ധ വിദ്യാലയമാണ് നമ്മുടെ സ്വപ്നം. ബോധവൽക്കരണത്തിനുതകുന്ന ബോർഡ് വിദ്യാലയത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

# ജന്മദിനാഘോഷം

കുട്ടികളുടെ ജന്മദിനത്തിന് ചെയ്യുന്ന ഒഴിവാക്കി ആഘോഷ കൃത്യങ്ങൾ ഉപകാരം നൽകുന്ന രീതിയിൽ ആഘോഷിക്കാമെന്ന് ഞങ്ങൾ തീരുമാനിച്ചു. ഉച്ചഭക്ഷണത്തിനായി പച്ചക്കറികൾ, ഇറച്ചി, മുട്ട തുടങ്ങിയവ കൊണ്ടുവരികയോ അല്ലെങ്കിൽ അവർ കൊടുക്കുന്ന മെനു പ്രകാരം ഉള്ള മുഴുവൻ സാധനങ്ങളും നൽകുകയോ ചെയ്യാം. ഭക്ഷണം കഴിച്ചു കഴിഞ്ഞ് പിറന്നാളുകാരെ ആശംസ അറിയിക്കുന്ന ചടങ്ങുകൾ നടത്താമെന്നും തീരുമാനിച്ചു.









ജില്ലാ ഭരണകൂടം
പൊതു വിദ്യാഭ്യാസ വകുപ്പ്, ആലപ്പുഴ

# ജൂൺ 26 ലോക ലഹരിവിരുദ്ധ ദിനം

ലഹരിയോട് "NO" പറയൂ, ജീവിതം ആഘോഷിക്കൂ



"THE YOUTH OF TODAY ARE FUTURE OF TOMORROW. DRUGS STEAL THEIR POTENTIAL. SAY NO TO DRUGS AND YES TO KNOWLEDGE."

Dr. A.P. J. ABDUL KALAM

**ലഹരിക്ക് ഞാൻ ഒരിക്കലും വഴങ്ങില്ല**
**എന്റെ ഭാവി എനിക്ക് വിലപ്പെട്ടതാണ്..**

# ഉപസംഹാരം

കാലാചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് പൊതുവിദ്യാലയങ്ങൾ മുന്നോട്ട് കുതിക്കുമ്പോൾ വിദ്യാർത്ഥി സമൂഹത്തെ മാറ്റങ്ങളുടെ അനന്ത വിഹായസ്സിലേക്ക് പറന്നുയരാൻ പ്രാപ്തരാക്കുന്ന യജ്ഞത്തിൽ ഞങ്ങളും അഭിമാനത്തോടെ കൈകോർക്കുന്നു. പലപരമിതികളുണ്ടെങ്കിലും തങ്ങളിലൂടെ കുട്ടികളുടെ ഉന്നമനത്തിനു വേണ്ടി സ്ക്കൂൾ പ്രവർത്തിക്കുന്നു. പ്രയജ്ഞിക്കുന്നു. ലക്ഷ്യങ്ങൾ പ്രാപ്തമാക്കാൻ അശ്രാന്തപരിക്രമം ഞങ്ങൾ നടത്തുന്നതാണ്.